A3/165/2021-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ്-കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ ക്ലാർക്ക് തസ്തികയിൽ അന്യത്രസേവനമനുഷ്ഠിച്ചുവരുന്ന ട്രഷറി വകുപ്പിലെ ജൂനിയർ അക്കൗണ്ടന്റ് ശ്രീ.ഉണ്ണികൃഷ്ണൻ.സി.-യുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.82/2026/CLAD തീയതി, തിരുവനന്തപുരം, 31-01-2026

പരാമർശം:-

1. സ.ഉ.(അ) നം.580/2013/ധന തീയതി 28.11.2013.
2. സ.ഉ.(സാധാ) നം.502/2021/സാം.കാ.വ. തീയതി 27.12.2021
3. സ.ഉ.(സാധാ) നം.37/2023/സാം.കാ.വ. തീയതി 24.01.2023
4. സ.ഉ.(സാധാ) നം.655/2023/സാം.കാ.വ. തീയതി 23.12.2023
5. സ.ഉ.(സാധാ) നം.689/2024/സാം.കാ.വ. തീയതി 02.12.2024.
6. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ 06.10.2025 തീയതിയിലെ കെ.എസ്.സി.എ/എഫ്/1879/2025 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ ക്ലാർക്ക് തസ്തികയിൽ പരാമർശം (2) പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ നിയമിതനായ കൂത്തുപറമ്പ് സബ് ട്രഷറിയിലെ ജൂനിയർ അക്കൗണ്ടന്റ് ശ്രീ. ഉണ്ണികൃഷ്ണൻ സി.-യുടെ സേവനകാലാവധി 2021 മുതൽ ഓരോ വർഷത്തേക്കും നീട്ടി പരാമർശം (3), (4), (5) എന്നിവ പ്രകാരം ഉത്തരവായിരുന്നു. ഈ അന്യത്രസേവന കാലാവധി 26.12.2025 തീയതി അപരാഹ്നത്തിൽ അവസാനിക്കുന്ന സാഹചര്യത്തിൽ, ആയത് ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് ട്രഷറി ഡയറക്ടറുടെ നിരാക്ഷേപപത്രം സഹിതം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറി പരാമർശം (6) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ അന്യത്രസേവന വ്യവസ്ഥയിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തുവരുന്ന കൂത്തുപറമ്പ് സബ് ട്രഷറിയിലെ ജൂനിയർ അക്കൗണ്ടന്റ് ശ്രീ.ഉണ്ണികൃഷ്ണൻ സി.-യുടെ അന്യത്രസേവന കാലാവധി പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തിക്കൊണ്ട് കെ.എസ്.ആർ. പാർട്ട് 1 ചട്ടം 140 (സി)-യിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി 27.12.2025 പൂർവാഹ്നം മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുത്തുപറമ്പ് സബ് ട്രഷറി, കണ്ണൂർ
ശ്രീ.ഉണ്ണികൃഷ്ണൻ.സി., ജൂനിയർ അക്കൗണ്ടന്റ്, സബ് ട്രഷറി, കുത്തുപറമ്പ്, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (1925528/വിദ്യാ-സി3/352/2021/ധന തീയതി 12.01.2026)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 31-01-2026 17:23:04